**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5481** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ–സ്വിഫ്റ്റിന്റെ വരവ് ചെലവ് കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ ആന്റണി രാജു (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ എല്ലാ മാസത്തെയും വരവ് ചെലവ് കണക്കുകളുടെ വിശദരൂപം ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | കെ-സ്വിഫ്റ്റിന് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 ബാധകമാണോയെന്നത് വ്യക്തമാക്കാമോ; | (ബി) | സ്വിഫ്റ്റ് കമ്പനിക്ക് മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 ബാധകമാണ്. |
| (സി) | കെ-സ്വിഫ്റ്റിന്റെ ബസുകൾ മെയിന്റനൻസ് ചെയ്ത വകയിൽ ആ കമ്പനി കെ.എസ്.ആർ.ടി.സി. യ്ക്ക് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കുടിശികയുണ്ടെങ്കിൽ വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകളുടെ ഉപയോഗം മൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് നാളിതുവരെ എത്ര രൂപ ലാഭം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെ ഓപ്പറേറ്റിങ് ജീവനക്കാർക്ക് ഏതു സ്ഥാപനത്തിൽ നിന്നാണ് ശമ്പളം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) | കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെ ഓപ്പറേറ്റിങ് വിഭാഗം ദിവസക്കൂലി ജീവനക്കാർ ആയ ഡ്രൈവർ കം കണ്ടക്ടർമാർക്ക് സ്വിഫ്റ്റ് കമ്പനി ആണ് പ്രതിഫലം നൽകുന്നത്. |
| (എഫ്) | കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനുള്ള ചുമതല കെ-സ്വിഫ്റ്റിനെ ഏല്പിച്ചിട്ടുണ്ടോ; ഇനിയും പുതിയ റൂട്ടുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (എഫ്) | കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനുള്ള ചുമതല കെ.എസ്.ആർ.ടി.സി.-സിഫ്റ്റിനെ ഏല്പിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.യുടെ റൂട്ടുകളൊന്നും തന്നെ കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിന് കൈമാറിയിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി. നിലവിലെ റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്വിഫ്റ്റ് ബസ്സുകൾ ലീസിന് എടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായിരുന്ന ദീർഘദൂര സൂപ്പർ ക്ലാസ് ബസ്സുകൾക്ക് കാലപ്പഴക്കം വന്നതിനാലും എ.സി സ്ലീപ്പർ, എ.സി സീറ്റർ പോലുള്ള ഉയർന്ന ശ്രേണിയിലുള്ള ബസ്സുകൾ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.യ്ക്ക് മുമ്പ് ഇല്ലാതിരുന്നതിനാലും ചെലവ് കുറച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുമാണ് ഇത്തരത്തിൽ സ്വിഫ്റ്റ്-ൽ നിന്നും ബസ്സുകൾ ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുള്ളത്. |
| (ജി) | കെ.എസ്.ആർ.ടി.സിയുടെ സ്ഥലം, ഡിപ്പോ, ബസ് സ്റ്റാന്റ്, മറ്റ് സൗകര്യങ്ങൾ മുതലായവ ഉപയോഗിക്കുന്നതിനായി കെ-സ്വിഫ്റ്റ് കെ.എസ്.ആർ.ടി.സി. യ്ക്ക് വാടക നൽകുന്നുണ്ടോ; ആയതിനായി കെ.എസ്.ആർ.ടി.സി. യും കെ-സ്വിഫ്റ്റും തമ്മിൽ ഏതെങ്കിലും കരാറുണ്ടാക്കിയിട്ടുണ്ടോ; ഇത്തരത്തിൽ വാടക ഇനത്തിൽ കെ-സ്വിഫ്റ്റ് കെ.എസ്.ആർ.ടി.സി. യ്ക്ക് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനിയും കുടിശികയായി എന്തു തുക നല്കാനുണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (ജി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ